(എ) കാർഷിക പ്രതിസന്ധിക്ക് പരിഹാരം കാണാൻ വയനാട് പാക്കേജ് പ്രഖ്യാപിച്ചതെന്നാണ് ; എത്ര രൂപയുടെ പാക്കേജാണ് പ്രഖ്യാപിച്ചത് ;

(ബി) കാർഷിക, ക്ഷീര, ആരോഗ്യ മേഖലകളിൽ എത്ര രൂപയുടെ വീതം പദ്ധതികളാണ് പ്രഖ്യാപിച്ചത് ; ഈ ഓരോ മേഖലയിലും ഇതിന്റെ ഭാഗമായി നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണ് ; മറ്റേതെല്ലാം മേഖലകളിൽ എത്ര രൂപയുടെ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) കുട്ടനാട്, ഇടുക്കി പാക്കേജുകൾ പോലെ ഒരു വയനാട് പാക്കേജ് സർക്കാർ പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ 2012-13-ൽ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തിയ വയനാട് ജില്ലയ്ക്കുവേണ്ടി വയനാട് പാക്കേജ് എന്ന നാമത്തിൽ ഒരു സംസ്ഥാനാവിഷ്കൃത പദ്ധതി നടപ്പിലാക്കി. ആയത് 2013-14-ലും തുടർന്നു വരുന്നുണ്ട്. ഈ പദ്ധതി നിർവ്വഹണത്തിൽ കൃഷി വകുപ്പിനോടൊപ്പം ക്ഷീര വികസനവകുപ്പും സഹകരണവകുപ്പും ജലസേചനവകുപ്പും മിൽമയും എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷനും പങ്കാളികളാണ്. വയനാട് പാക്കേജ് പദ്ധതി നടപ്പിലാക്കുന്നതിനായി 2012-13 സാമ്പത്തിക വർഷം 2253.18 ലക്ഷം രൂപ ചെലവഴിച്ചു. നടപ്പുസാമ്പത്തികവർഷം ഇതിനായി 1900 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ നാളിതുവരെ 1008.70 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

**കാസർഗോഡ് ജില്ലയ്ക്ക് കാർഷിക പാക്കേജിനായി അനുവദിച്ച നബാർഡ് ഫണ്ട്**

118 (4785) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക പാക്കേജിനുള്ള നബാർഡിന്റെ ഫണ്ടിൽനിന്നും കാസറഗോഡ് ജില്ലയ്ക്ക് എന്ത് തുക അനുവദിച്ചു ; വ്യക്തമാക്കുമോ ;

(ബി) ഫണ്ട് അനുവദിച്ചത് ഏതെല്ലാം പ്രവൃത്തികൾക്കായിരുന്നു ;

(സി) ഫണ്ട് അനുവദിക്കപ്പെട്ട പ്രവൃത്തികൾ മുഴുവനും പൂർത്തീകരിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഓരോ പ്രവൃത്തിയുടെയും ഇപ്പോഴത്തെ അവസ്ഥ എന്തെന്നും പ്രസ്തുത പ്രവൃത്തികളോരോന്നും എന്ന് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.



LIBRARY ARCHIVES Kerala Legislative Assembly